# AZHIKODE WEST U.P SCHOOL

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26







# PROFILE

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | അഴീക്കോട് വെസ്റ്റ് യു.പി.സ്കൂൾ |
| വിദ്യാലയം സ്ഥാപിതമായ വർഷം | : | 1925 |
| വില്ലേജ് | : | അഴീക്കോട് സൗത്ത് |
| ബ്ലോക്ക് | : | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| ബി.ആർ.സി | : | പാപ്പിനിശ്ശേരി |
| ഉപജില്ല | : | പാപ്പിനിശ്ശേരി |
| ഹെഡ്മിസ്ട്രസ് | : | സിമിജ.എൻ.ഒ. |
| മാനേജർ | : | ജയബാലൻ.കെ.പി. |
| **School Mail ID** | : | **school13654@gmail.com** |
| **School Land line No.** | : | **0497 2771390** |
| **Mobile No.** | : | **9388367925** |
| സ്കൂൾ കോഡ് | : | **13654** |
| സ്കൂളിന്റെ തരം | : | എയ്ഡഡ് |

# ആമുഖം

അഴീക്കോട് പഞ്ചായത്തിൽ വായിപ്പറമ്പിൽ 1925 ൽ വിജ്ഞാന കുതുകികളായ നാട്ടുകാർ ചേർന്ന് അവിടുത്തെ കുട്ടികൾക്ക് പഠിക്കുവാനായി ഒരു വിദ്യാലയം തുടങ്ങി. സാമൂഹികവും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതായിരുന്നു ലക്ഷ്യം. ഈ മഹത്തായ ലക്ഷ്യം കുറച്ച് വർഷങ്ങൾ കൊണ്ട് തന്നെ പൂർത്തീകരിക്കാൻ കഴിഞ്ഞു. സ്കൂളിന്റെ ചുമതല ശ്രീ കുമാരൻ മാസ്റ്റർക്കായിരുന്നു. ആദ്യവർഷങ്ങളിൽ ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസുകളാണു നിലവിൽ വന്നത്. രണ്ടു വീതം ഡിവിഷനുകളും അഞ്ഞൂറോളം കുട്ടികളും 21 ജീവനക്കാരും ഉണ്ടായിരുന്നു. ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളിൽ ഉന്നത നിലയിൽ എത്തിയവർ ധാരാളമുണ്ട്. കണ്ണൂർ സബ് കലക്ടറായിരുന്ന ശ്രീ.പി.ഒ.പത്മനാഭൻ നമ്പ്യാർ, വിദ്യാഭ്യാസ വകുപ്പിലെ സൂപ്രണ്ടായിരുന്ന ശ്രീ. പി.ഒ ലക്ഷ്മണൻ നമ്പ്യാർ, കൃഷി ഓഫീസർ, ശ്രീമതി എം.കെ.പത്മം എന്നിവർ അവരിൽ ചിലർ മാത്രം.

അഴീക്കോട് പഞ്ചായത്തിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി പ്രവർത്തിച്ച് വരുന്ന ഈ വിദ്യാലയത്തിനുള്ള ഭൗതികസാഹചര്യങ്ങളും നിലവാരമുള്ള അക്കാദമിക അന്തരീക്ഷവും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും അളവറ്റ സഹകരണവും വിദ്യാലയ മികവിന്റെ അടിസ്ഥാന കാരണങ്ങളാണ്.

സ്കൂളിലെ അക്കാദമികവും ഭൗതികവുമായ സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത്, രക്ഷിതാക്കൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണം എടുത്തു പറയേണ്ടതാണ്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണ് ഇന്ന് നിലവിലുള്ളതെങ്കിലും കളി സ്ഥലത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം പൂർത്തിയാക്കുന്നതിന് വിദ്യാലയ സമൂഹവും, അധ്യാപകരും, വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. അതിനായി കാലാനുസൃതമായ മാറ്റങ്ങൾ അക്കാദമിക് മാസ്പർപ്ലാനിൽ വരുത്തേണ്ടത് ആവശ്യമാണ്.

# ചരിത്രം

അറബിക്കടലിന്റെ തീരത്തു പത്തരമാറ്റോടെ ഗ്രാമഭംഗി തെളിഞ്ഞു നിൽക്കുന്ന അഴീക്കോട് എന്ന ഗ്രാമം. തിറകളുടെയും, തറികളുടെയും നാടായ കണ്ണൂരിൽ പല മേഖലകളിലും മുൻപന്തിയിൽ നിൽക്കുന്നതും 16.04 $cm^2$ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്നതുമായ ഒരു തീരദേശ പഞ്ചായത്താണ് അഴീക്കോട്. വളർന്നു വരുന്ന പുതുതലമുറയെ വെളിച്ചത്തിലേക്ക് നയിക്കാൻ ഉതകുന്ന പ്രാഥമിക വിദ്യാലയങ്ങളിൽ പ്രഥമ സ്ഥാനമാണ് അഴീക്കോട് വെസ്റ്റ് യു.പി സ്കൂളിനുള്ളത്. സ്കൂളിൽ പഠിക്കുന്ന കുട്ടികളെ ഉത്തമ പൗരന്മാരാക്കി വളർത്തിയെടുക്കാൻ സ്കൂളിന് സാധിച്ചു എന്ന വസ്തുത ഊട്ടി ഉറപ്പിക്കുന്നതാണ് സ്കൂളിന്റെ പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകളും മറ്റു പരിപാടികളും.

1925 ൽ അഴീക്കോട് പഞ്ചായത്തിലെ വായിപ്പറമ്പ് പ്രദേശത്തിലെ XVI - ാം വാർഡിലാണ് അഴീക്കോട് വെസ്റ്റ് യു.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. അഴിക്കോട് പഞ്ചായത്തിൽ വായിപ്പറമ്പിൽ ശ്രീ ചോയ്യോൻ രാമന്റെ വീട്ടു വരാന്തയിൽ കുടിപ്പള്ളിക്കൂടമായിട്ടായിരുന്നു ഈ വിദ്യാലയം ആരംഭിച്ചത്. പിന്നീട് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് ഒരു വിദ്യാഭ്യാസ സ്ഥാപനം നാട്ടിൽ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞു. ഈ പ്രദേശത്തു കാരനായ പരേതനായ ശ്രീ കുമാരൻ മാസ്റ്ററുടെയും, നാരായണി ടീച്ചറുടെയും ശ്രമഫലമായിട്ടാണ് നാം ഇന്ന് കാണുന്ന അഴീക്കോട് വെസ് യു.പി സ്കൂൾ ഇവിടെ സ്ഥാപിതമായത്.

സ്കൂളിലെ ആദ്യവിദ്യാർത്ഥി ശ്രീ കായക്കൽ അച്ചുതനും, സ്കൂളിന്റെ ആദ്യ മാനേജർ കുമാരൻ മാസ്റ്ററും, പ്രധാന അധ്യാപകൻ ചാത്തുക്കുട്ടി മാസ്റ്ററും ആയിരുന്നു. പിന്നീട് കൈമാറ്റത്തിലൂടെ ശ്രീമതി പി.എം വിമലയും, ഇന്നത്തെ മാനേജരായ ശ്രീ.കെ.പി.ജയബാലൻ മാസ്റ്ററും സ്കൂൾ ഏറ്റെടുത്തു. ചാത്തുകുട്ടി മാസ്റ്ററിൽ നിന്ന് തുടങ്ങിയ സ്കൂളിന്റെ വളർച്ച ഇന്നത്തെ പ്രധാന അധ്യാപിക ശ്രീമതി. സിമിജ എൻ. ഒ യിൽ എത്തി നിൽക്കുന്നു. ആദ്യകാലത്ത് 1 മുതൽ 5 വരെ ആയിരുന്ന ക്ലാസുകൾ ഇന്ന് 2025-26 അധ്യയനവർഷത്തിൽ 7-ാം തരം വരെ എത്തി നിൽക്കുന്നു. ആദ്യ കാലത്ത് ഒന്നിലധികം ഡിവിഷനുകളിൽ 500 ഓളം കുട്ടികളും 21 ജീവനക്കാരും

ഉണ്ടായിരുന്നു. 194 കുട്ടികളും 12 ജീവനക്കാരുമാണ് ഇന്നുള്ളത്. ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളിൽ സമൂഹത്തിൽ നല്ല രീതിയിൽ അറിയപ്പെടുന്നവരും വിവിധ പ്രവർത്തനമേഖലകളിൽ ഉന്നത സ്ഥാനം അലങ്കരിക്കുന്നവരുമാണ്.

സ്കൂളിന്റെ 75-ാം വാർഷികവും, 90-ാം വാർഷികവും വളരെ മികച്ച പരിപാടികളോടെ നടത്താൻ സാധിച്ചു. കലാകായികരംഗത്തും, അക്കാദമിക രംഗത്തും, മികച്ച നേട്ടങ്ങൾ കരസ്ഥമാക്കാൻ അഴീക്കോട് വെസ്റ്റ് യു.പി. സ്കൂളിന് സാധിച്ചിട്ടുണ്ട് എന്നത് വളരെ അഭിമാനപൂർവ്വം എടുത്ത് പറയാൻ സാധിക്കും. നൂറാം വാർഷികാഘോഷ പരിപാടികൾ നടന്നുവരുന്നു.

ഭൗതികം: അഴീക്കോട് പഞ്ചായത്തിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് അഴിക്കോട് വെസ്റ്റ് യു.പി.സ്കൂൾ. മികച്ച ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുന്നതിന് മാനേജരുടെയും, പി.ടി.എ യുടെയും നാട്ടുകാരുടേയും നിർലോഭമായ സഹായസഹകരണങ്ങൾ എന്നും ലഭിച്ചിട്ടുണ്ട്. അതിന്റെ ഫലമായി തന്നെ ഓലമേഞ്ഞ പഴയകാല കെട്ടിടത്തിൽ നിന്നും, സ്കൂൾ മാനേജർ കെ.പി.ജയബാലൻ മാസ്റ്ററുടെ സഹായത്താൽ മൂന്നു നില കോൺക്രീറ്റ് കെട്ടിടത്തിലേക്ക് മാറാൻ സ്കൂളിന് സാധിച്ചു.

## സാമൂഹിക പങ്കാളിത്തം - നിലവിലെ അവസ്ഥ
## കഴിഞ്ഞവർഷം സാമൂഹിക പങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ വിദ്യാലയ പ്രവർത്തനങ്ങൾ

പ്രവേശനോത്സവം, വായനവാരം, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം, ബോധവൽക്കരണ ക്ലാസുകൾ, പഠനയാത്ര, കായികമേള, കലോത്സവം, ഗണിതോത്സവം, വാർഷികാഘോഷം, വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ വിദ്യാലയപ്രവർത്തനങ്ങളാണ്, പ്രവേശനോത്സവം, പരിസ്ഥിതി ദിനാഘോഷം, ഓണാഘോഷം, പൂന്തോട്ട നിർമ്മാണം, ജൈവവേലി നിർമ്മാണം, ശുചീകരണ പ്രവർത്തനങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, സോപ്പ് നിർമ്മാണം, ഇംഗ്ലീഷ് ഫെസ്റ്റ്, ഗണിതോത്സവം, കലാകായിക പ്രവൃത്തി പരിചയമേള ദിനാചരണങ്ങൾ, പഠനയാത്ര, ആശംസാ കാർഡ് തയ്യാറാക്കൽ, ചോക്ക്, സോപ്പ് എന്നിവയുടെ നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം മുതലായവ.

## സാമൂഹിക കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് വേണ്ടി വിദ്യാലയം ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾ

- **പ്രവേശനോത്സവം** : പ്രവേശനോത്സവം രക്ഷിതാക്കളുടെയും മുൻ അധ്യാപകരുടെയും സഹായത്തോടെ നടത്തി, പ്രോത്സാഹന കിറ്റുകൾ എന്നിവ നൽകിവരാറുണ്ട്.
- ലോകപരിസ്ഥിതി ദിനാഘോഷ റാലിയിൽ പി.ടി.എ, എം.പി.ടി.എ അംഗങ്ങൾ പങ്കെടുത്തു.
- വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനങ്ങളിൽ രക്ഷിതാക്കളെയും പങ്കെടുപ്പിച്ചു.
- പഠനയാത്രകളിൽ രക്ഷിതാക്കളും പങ്കെടുത്തു.
- പഠനത്തിൽ മുന്നിട്ട് നിൽക്കുന്ന കുട്ടികൾക്ക് വായനശാലയും സി. ആർ. സി യും ചേർന്ന് എല്ലാ വർഷവും സമ്മാനങ്ങൾ നൽകി വരാറുണ്ട്. ക്വിസ് മത്സരങ്ങൾ, വായനാ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

- കായികമേളകൾ രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തി, എല്ലാവർക്കും ഉച്ചഭക്ഷണം നൽകുകയും ചെയ്തു.
- ശിശുദിനാഘോഷം, ഇംഗ്ലീഷ് ഫെസ്റ്റ്, ഗണിതോത്സവം, എന്നിവയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തി.
- ഓണാഘോഷപരിപാടിയിൽ പി.ടി.എ, എം.പി.ടി.എ അംഗങ്ങൾ പങ്കെടുത്തു. ഓണസദ്യ ഒരുക്കുന്നതിൽ എം.പി.ടി.എ സജീവ പങ്കാളികളായി.
- പ്ലാസ്റ്റിക് നിർമ്മാർജന പ്രക്രിയയിൽ പഞ്ചായത്തിന്റെ സഹകരണം ലഭ്യമായിട്ടുണ്ട്.
- സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും വിദ്യാലയ വികസന സമിതി അംഗങ്ങൾ കഠിന പരിശ്രമം നടത്തി.
- സ്കൂൾ വാർഷികാഘോഷത്തിൽ പി.ടി.എ, എം.പി.ടി.എ പൂർവ വിദ്യാർഥികൾ, നാട്ടുകാർ, ക്ലബുകൾ, ഇവരുടെ പ്രവർത്തനങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.
- സ്കൂളിന്റെ നന്മയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ സമൂഹം വിലയേറിയ സംഭാവനകൾ നൽകുന്നുണ്ട്.
- ലഹരി വിമുക്ത വിദ്യാലയത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്താറുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹകരണവും ലഭിച്ചുവരുന്നു.

# അവസ്ഥാപഠനം

## വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

**സബ്ജക്ട് കൺസിൽ** : എല്ലാ വിഷയങ്ങൾക്കും എൽ.പി, യു.പി തലങ്ങളിൽ സബ്ജക്ട് കൌൺസിൽ മാസത്തിലൊരിക്കൽ ചേർന്ന് പാഠഭാഗങ്ങളും പ്രവർത്തനങ്ങളും ചർച്ച ചെയ്ത് പങ്കുവെയ്ക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്.

**എസ്.ആർ.ജി** : മാസത്തിൽ രണ്ട് വെള്ളിയാഴ്ചകളിൽ എസ്.ആർ.ജി ചേരാറുണ്ട്. മുൻകൂട്ടി അജണ്ട നൽകിയതനുസരിച്ച് തയ്യാറെടുപ്പുകളും നടത്തി ചർച്ചകൾ സജീവമാക്കാറുണ്ട്. പഠന പ്രവർത്തനങ്ങൾ, മികച്ച പ്രതികരണങ്ങൾ, മെച്ചപ്പെടുത്തേണ്ട മേഖലകൾ, ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ടു നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**പി.ടി.എ** : ജൂൺമാസം ആദ്യവാരം തന്നെ പി.ടി.എ ജനറൽബോഡി ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്ത് വിവിധ കമ്മിറ്റികൾക്ക് രൂപം നൽകി അധ്യായനവർഷം നടത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അവ നടപ്പിലാക്കാറുണ്ട്. മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് യോഗം ചേരാറുണ്ട്. പ്രധാന ആവശ്യങ്ങൾക്കെല്ലാം യോഗം ചേരാറുണ്ട്.

**എം.പി.ടി.എ** : എം.പി.ടി.എ. യുടെ പ്രവർത്തനങ്ങൾ വളരെ മികച്ചതാണ്, ദിനാചരണങ്ങളിലും ക്ലാസ് പി.ടി.എ. യോഗങ്ങളിലും, സ്കൂൾ ശുചീകരണ പ്രവർത്തനങ്ങളിലും, കലാകായിക പ്രവർത്തനങ്ങളിലും എം.പി.ടി.എ.യുടെ മികച്ച പങ്കാളിത്തം ഉണ്ടാകാറുണ്ട്.

**എസ്.എസ്.ജി**: വായിപ്പറമ്പ് ചാൽ പ്രദേശങ്ങളിലെ സാമൂഹ്യപ്രവർത്തകർ, റിട്ടയേർഡ് അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി എസ്.എസ്.ജി സ്കൂളിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാറുണ്ട്. സഹായസഹകരണങ്ങൾ നൽകാറുണ്ട്.

**സ്കൂൾ വികസന സമിതി**: നല്ല ഒരു സ്കൂൾ വികസന സമിതി നമുക്കുണ്ട്. സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

**ജാഗ്രതാസമിതി** : കുട്ടികളുടെ യാത്ര, സ്കൂളിന്റെ അവസ്ഥ, എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ക്ലബ് പ്രവർത്തനങ്ങൾ

**ഗണിത ക്ലബ്:**

ഗണിതക്ലബിന്റെ നേതൃത്വത്തിൽ ആര്യഭടൻ ദിനം, ഓണാഘോഷം, പ്രദർശനം, ക്വിസ്മത്സരം, ഗണിതോത്സവം എന്നിവ നടത്തി. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ് നടത്തി. അവരെ മുന്നോട്ട് കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്രമേഖലകളിലും മറ്റും ഗണിതത്തിൽ കുട്ടികൾക്ക് മികച്ച പ്രകടനം നടത്താൻ കുട്ടികൾക്ക് സാധിക്കാറുണ്ട്.

**സാമൂഹ്യശാസ്ത്രക്ലബ്ബ് :**

സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പരിസ്ഥിതിദിന പോസ്റ്ററുകൾ, ജനസംഖ്യാദിനവുമായി ബന്ധപ്പെട്ട്, കാർട്ടൂണുകൾ, സംവാദം, ക്വിസ്മത്സരങ്ങൾ, സ്പോർട്സ് ആൽബം (ലോകകപ്പ് ഫുട്ബോൾ) സ്കൂൾ പരിസരം വൃത്തിയാക്കൽ, മാപ്പ് നിർമ്മാണം, മഹത് വചനങ്ങൾ ശേഖരിച്ച് ചുമരിൽ പതിക്കൽ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, കേരളപ്പിറവി ദിനപരിപാടികൾ തുടങ്ങിയവ നടന്നു.

**ലൈബ്രറി** : ആയിരത്തഞ്ഞൂറോളം പുസ്തകങ്ങളുള്ള നല്ലൊരു ലൈബ്രറി നമുക്കുണ്ട്. പുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കുവാൻ (കുട്ടികൾക്ക് തിരഞ്ഞെടുക്കുവാൻ പറ്റുന്ന തരത്തിൽ) ഉള്ള സാകര്യം കുറവാണ്. ജൂൺ 19 ന് മുമ്പ് തന്നെ പുസ്തകങ്ങൾ ക്ലാസുകളിൽ വിതരണം ചെയ്യാറുണ്ട്. 3 മുതൽ 7 വരെയുള്ള ക്ലാസുകളിൽ ലൈബ്രറി നോട്ട് തയ്യാറാക്കാനുള്ള നിർദ്ദേശം നൽകാറുണ്ട്. മികച്ച രീതിയിലുള്ള ലൈബ്രറി സംവിധാനം ഈ വർഷത്തെ സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

**ലാംഗ്വേജ് ലാബ്:**

ലാബ് സൗകര്യം കുറവാണെങ്കിലും അതത് ക്ലാസുകളിൽ വായന മൂലയും ക്ലാസ് ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്. കുട്ടികൾ പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറി വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

## എസ്.എം.സി, പി.ടി.എ, എം.പി.ടി.എ എന്നിവയും
## പ്രവർത്തനങ്ങൾ സംഭാവനകൾ

നമുക്ക് വേണ്ട എല്ലാവിധ സഹായവും നൽകുന്ന ശക്തമായ ഒരു പി.ടി.എ നമുക്കുണ്ട്. ഏതൊരു നല്ല പ്രവർത്തനം വേണ്ടുംവിധത്തിൽ സഹായവും സഹകരണവും ലഭിക്കാറുണ്ട്. വിലയേറിയ നിർദേശങ്ങളും അഭിപ്രായങ്ങളും ലഭിക്കാറുണ്ട്.

**<u>എസ്.എസ്.ജി.സ്കൂൾ വികസനസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ</u>**

സ്കൂളിന്റെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാനും അക്കാദമിക നിലവാരം ഉയർത്തുന്നതിനാവശ്യമായ നിർദേശം നൽകുന്നതിലും വിദ്യാലയ വികസന സമിതിയുടെ പങ്ക് എടുത്തുപറയേണ്ടതാണ്.

**<u>കുട്ടികളുടെ പഠന നിലവാരം വിലയിരുത്തൽ</u>**

കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി എൽ.പി. തലത്തിൽ രണ്ട്, നാല് ക്ലാസുകളിലെയും യു.പി. തലത്തിൽ ഏഴാം ക്ലാസിലെ കുട്ടികളുടെയും പാദ വാർഷിക മൂല്യ നിർണയത്തിൽ ലഭിച്ച വിഷയങ്ങളും പ്രത്യേകം എടുത്ത് പട്ടിക തയ്യാറാക്കി വിശകലനം ചെയ്തു.

# അവസ്ഥാവിശകലനം

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കവസ്ഥയിലുള്ള തീരദേശമേഖലയിലുള്ള കുട്ടികളാണ് വിദ്യാലയത്തിൽ ഭൂരിഭാഗവും പഠിക്കുന്നത്. നിലവിൽ 193 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. കഴിവുള്ള അധ്യാപകരും മികച്ച പി.ടി.എ.യും നമ്മുടെ വിദ്യാലയത്തിന്റെ ശക്തി സ്രോതസാണ്. എങ്കിലും, ചില വിദ്യാർത്ഥികളുടെ ഗൃഹാന്തരീക്ഷം പഠനത്തിന് പ്രോത്സാഹജനകമല്ല. അത്തരം കുട്ടികളെ മുന്നോട്ട് കൊണ്ടുവരാൻ പ്രയാസം അനുഭവപ്പെടുന്നു. ഇത്തരത്തിലുള്ള പ്രതിസന്ധികൾ മറി കടക്കാൻ അധ്യാപകരുടെയും പി.ടി.എ.യുടെയും നിരന്തരമായ ഇടപെടലുകൾ അത്യാവശ്യമാണ്. അതുപോലെ തന്നെ കമ്പ്യൂട്ടർ ലാബിന്റെ വിപുലീകരണവും അത്യാവശ്യമാണ്. എല്ലാറ്റിനും ഉപരി ഏത് പ്രവർത്തനവും ഏറ്റെടുത്ത് നടത്താനും വിജയിപ്പിക്കാനുമുള്ള ത്യാഗസന്നദ്ധത അധ്യാപകർക്ക് ഇനിയുമുണ്ടാകേണ്ടതുണ്ട്.

കലാ-കായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം തുടങ്ങിയവ പഠനപ്രക്രിയയുടെ ഭാഗമായി എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കേണ്ടതായിട്ടുണ്ട്. അതുപോലെത്തന്നെ അനുയോജ്യമായ പഠനോപകരണങ്ങളും കളി ഉപകരണങ്ങളും സ്മാർട്ട് ക്ലാസ് മുറികളും വിദ്യാലയത്തിന് ഇനിയും ആവശ്യമായിട്ടുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ വിദ്യാലയത്തിലുണ്ടെങ്കിലും ജൈവവൈവിധ്യ ഉദ്യാനത്തിന്റെയും, അടുക്കളത്തോട്ടത്തിന്റെയും മെച്ചപ്പെടുത്തൽ ഇനിയും നടത്തേണ്ടതുണ്ട്.

ഇതൊക്കെയാണെങ്കിലും 1 മുതൽ 7 വരെയുള്ള ക്ലാസുകൾ വളരെ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. ആഗസ്ത് മാസം തന്നെ LSS, USS ക്ലാസുകളുടെ പ്രത്യേക പരിശീലനം നടത്തി വരുന്നു.

പഠനത്തിന് പിന്നാക്കം നിൽക്കുന്നവരെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും മെച്ചപ്പെട്ട അക്കാദമിക നിലവാരത്തിലെത്തിക്കാൻ വേണ്ട പരിശീലനങ്ങൾ നടത്തി വരുന്നുണ്ട്.

അധ്യാപകർക്ക് തുടർച്ചയായി ലഭിച്ചു വരുന്ന വിവിധ പരിശീലനങ്ങൾ കുട്ടികളെ മികച്ച നിലവാരത്തിലെത്തിക്കാൻ സഹായകമാകുന്നുണ്ട്. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ് അധ്യാപകർ നേരിടുന്ന പ്രധാന പ്രശ്നമാണ്. പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ മിക്കവരും സ്കൂൾ വാഹനത്തിൽ വരുന്നവരാണ്. അതുകൊണ്ടു തന്നെ പ്രത്യേക

സമയങ്ങളിൽ നിൽക്കുന്ന ക്ലാസുകളിൽ നിന്ന് ഇവർ പലപ്പോഴും വിട്ടുനിൽക്കുന്നു.

പാഠ്യപദ്ധതിയുടെ ഭാഗമായ പഠനയാത്ര പ്രകൃതി നടത്തം എന്നിവ കാര്യക്ഷമമായി നടന്നു വരുന്നു. കുട്ടികളുടെ കലാകായിക പ്രവൃത്തി പരിചയപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക അധ്യാപകരുടെ സേവനം അത്യാവശ്യമാണ്.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| ഭൗതികം | കുട്ടികൾക്ക് കളിക്കാനാവശ്യമായ കളിസ്ഥലത്തിന്റെ അപര്യാപ്തത | ✓ | | | |
| അക്കാദമികം | കമ്പ്യൂട്ടർ ലാബ് | ✓ | | | ഉപകരണങ്ങളുടെ ലഭ്യത |
| അക്കാദമികം | മലയാള ഭാഷ അനായാസം കൈകാര്യം ചെയ്യൽ | | | | |
| അക്കാദമികം | ക്ലാസ് ലൈബ്രറി വികസനത്തിലൂടെ സ്വാതന്ത്ര്യ വായനയിലേക്ക് | | | | |
| അക്കാദമികം | കുട്ടി ശാസ്ത്രജ്ഞനെ സൃഷ്ടിക്കുന്നതിനാവശ്യമായ ശാസ്ത്ര ശിൽപ്പശാലകൾ | | | | |
| അക്കാദമികം | ഗണിതം മധുരമാക്കാൻ ആവശ്യമായ ഗണിത ശിൽപ്പശാലകൾ | | | | |

## പൊതു ലക്ഷ്യങ്ങൾ

1) പഠനപിന്നാക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

2) ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പാക്കുക.

3) ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുവാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

4) ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനുവേണ്ട ശിൽപ്പശാലകൾ സംഘടിപ്പിക്കുക.

5) ICTഅധിഷ്ഠിതപഠനത്തിനാവശ്യമായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക. മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പുവരുത്തുക.

6) മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം എല്ലാവരെയും കുട്ടി ശാസ്ത്രജ്ഞന്മാരാക്കി മാറ്റുക.

7) പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തുക.

8) ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.

9) പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

10) സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

11) ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവും ആക്കുക.

12) ടാലന്റ് ലാബ് നടപ്പിലാക്കുക

13) ഒന്നാം ക്ലാസ് ഒന്നാന്തരം

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| സ്കൂൾ മാസിക<br><br>ഓരോ മാസത്തിലെയും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികളുടെ നേതൃത്വത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടേയും സഹായത്തോടെ നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസിൻ നിർമ്മാണം. | ജൈവ വൈവിധ്യ ഉദ്യാനം<br><br>വിശാലമായ കളി സ്ഥലം<br><br>സ്മാർട്ട് ക്ലാസ് റൂം | പി.ടി.എ. ശാക്തീകരണം<br><br>ജനകീയ പങ്കാളിത്തം<br><br>ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ |
| സ്കൂളിന്റെ 100 ാം വാർഷികം 2025 ൽ നടത്താൻ ആവശ്യമായ കമ്മിറ്റി രൂപീകരണവും ഫണ്ട് കണ്ടെത്തലും | | |
| ലൈബ്രറി ശാക്തീകരണവും പിറന്നാൾ പുസ്തകവും<br><br>പിറന്നാൾ സമ്മാനമായി കുട്ടികൾ മധുരത്തിന് പകരം പുസ്തകം സമ്മാനമായി ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യട്ടെ. | | |
| ശാസ്ത്ര പഠനത്തിന്റെ ഭാഗമായി സോപ്പ് നിർമ്മാണം, ചോക്ക് നിർമ്മാണം എന്നിവ നടത്തണം. | | |

# അധ്യാപകരും വിവരങ്ങളും 2025-26

| അധ്യാപകന്റെ പേര് | തസ്തിക | ക്ലബ്- ചുമതല |
|---|---|---|
| സിമിജ എൻ ഒ | Headmistress | |
| നിമിത കെ | LPST | SRG Convenor Library |
| റിജിൽ പി | UPST | Vidyarangam |
| നിമിഷ ശശീന്ദ്രൻ | LPST | English Club |
| ശ്രേയ പി പി | LPST | Eco Club, Social Club |
| നിത്യ ടി | UPST | Science Club |
| ഹേമന്ത് ജയദേവൻ | HINDI | Staff Secretary, Hindi Club |
| ഷഫീക് അസ്‌ലം ബി | ARABIC | Arabic Club |
| ചിത്തിര എ | LPST | Maths Club |
| ജിനീഷ് എം | OFFICE ATTENDANT | |

# ഭിന്ന ശേഷിയുള്ള കുട്ടികളുടെ പട്ടിക 2025-26

| ക്ലാസ്സ് | LMI | വി.ഐ | എച്ച്.ഐ | എം.ആർ | ഓട്ടിസം | പഠന പിന്നോക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|---|
| I | അഭിമന്യു ആർ | | | | | | | |
| IV | സ്വര ഇ | | | | | | | 3 |
| VI | വചസ് രതീഷ് | | | | | | | |

മേഖല (അക്കാദമികം )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| ഐ ടി, ലാബ് ഒരുക്കൽ | എൽ പി , യു പി ക്ലാസ്സുകളിലുള്ള എല്ലാ കുട്ടികൾക്കും ഐ ടി ലാബ് ഒരുക്കൽ | ജൂൺ - സെപ്റ്റംബർ | മാനേജർ |
| റീഡിങ് റൂം | എൽ പി , യു പി ക്ലാസ്സുകളിലുള്ള എല്ലാ കുട്ടികൾക്കും റീഡിങ് റൂം ഒരുക്കൽ | ജൂൺ - സെപ്റ്റംബർ | മാനേജർ |

മേഖല (ഭൗതികം )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| പൂന്തോട്ട നിർമാണം | സ്കൂളിൽ ജൈവ വൈവിധ്യ ഉദ്യാനം നിർമാണ പൂർത്തീകരണം | ജൂൺ -സെപ്റ്റംബർ | മാനേജർ |

സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| നൂറാം വാർഷിക കമ്മിറ്റി | ആഘോഷ പരിപാടികൾ | ജൂൺ - ഡിസംബർ | |
| സ്കൂൾ റേഡിയോ | ഓരോ ക്ലാസ്സിലും സ്കൂൾ റേഡിയോ സ്ഥാപിക്കൽ | ഓഗസ്റ്റ്- സെപ്റ്റംബർ | മാനേജർ |

എൽ.പി.വിഭാഗം

## ഒന്നാം ക്ലാസ്

### ഭാഷ

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | വായനോത്സവം | ജൂൺ-മാർച്ച് | ടീച്ചർ, രക്ഷിതാവ് |
| 2 | കഥോത്സവം | ജൂൺ-മാർച്ച് | ടീച്ചർ, രക്ഷിതാവ് |
| 3 | രചനോത്സവം | രണ്ടാം ടേം മുതൽ | രക്ഷിതാവ് |
| 4 | സംയുക്ത ഡയറി | ജൂലായ് പകുതി മുതൽ | രക്ഷിതാവ്, ടീച്ചർ |
| 5 | നിർമ്മാണ ശില്പശാലകൾ | ഓരോ ടേമിലും | രക്ഷിതാവ്, ടീച്ചർ |
| 6 | മലയാളം മധുരം | ജൂൺ - അവധിക്കാലം | രക്ഷിതാവ്, ടീച്ചർ |
| 7 | റീഡേഴ്സ് തിയേറ്റർ | മൂന്നാം ടേം | പി.ടി.എ.- ക്ലാസ് ടീച്ചർ |
| 8 | പാട്ടരങ്ങ് | ഒരു വർഷം | പി.ടി.എ.- ക്ലാസ് ടീച്ചർ |
| 9 | ക്ലാസ് പി.ടി.എ. | ഓരോ മാസവും | ക്ലാസ് ടീച്ചർ |

ഒന്നാം ടേമിലെ പ്രവർത്തനലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു (പഠനനേട്ടം -വരച്ചും പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു
2. എല്ലാ കുട്ടികളും (പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറു വാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു (പഠനനേട്ടം. ശബ്ദവും ലിപിരൂപവും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു).
3. ആശയക്രമീകരണത്തോടെ ഭാഷണം നടത്താൻ കഴിവ് നേടുന്നു. (പഠനനേട്ടം പരിചിതമായ ആശയങ്ങൾ കഥ, പാട്ട്, വിവരണം, സംഭാഷണം എന്നിവയിലൂടെ അവതരിപ്പിക്കുന്നു).
4. എല്ലാ കുട്ടികളും (രക്ഷിതാവിന്റെ പിന്തുണയോടെ) സചിത്ര ഡയറി തയ്യാറാക്കുന്നു.
5. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
6. ആകർഷകവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.
7. ആശയാവതരണരീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുന്നു.

എൽ.പി.വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | സാമ്പത്തികം |
|---|---|---|---|
| മാതൃഭാഷ നിലവാരം ഉയർത്തൽ | അക്ഷര-ചിഹ്ന കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലായ് | എൽ.പി.ക്ലാസ് ഭാഷാധ്യാപകർ |
| | അക്ഷരകാർഡുകളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങൾ നിർമ്മിക്കൽ, ചിത്രങ്ങൾ - പേരെഴുതൽ | ആഗസ്ത് - സെപ്തംബർ | |
| | പദങ്ങൾ ഉപയോഗിച്ച് വാക്യ നിർമ്മാണം ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ, ചിഹ്നങ്ങൾ ചേർക്കാതെ നൽകിയ വായനാകാർഡ് ചിഹ്നങ്ങൾ ചേർത്ത് വായിക്കൽ | ഒക്ടോബർ - നവംബർ 10 വരെ | |
| | ചിത്രങ്ങൾ നൽകി കഥാ നിർമ്മാണം (കഥാ ചാർട്ട് നൽകണം) കഥ പൂർത്തിയാക്കൽ, കഥ ഗതി മാറ്റിയെഴുതൽ | നവംബർ 12 മുതൽ 30 വരെ | |
| | പത്രവായന - ക്ലാസിലും അസംബ്ലിയിലും പത്രം വായിപ്പിക്കൽ -പത്രവാർത്ത സ്വയം തയ്യാറാക്കൽ | ഡിസംബർ 20 വരെ | |

| പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | സാമ്പത്തികം |
|---|---|---|
| റീഡേഴ്സ് തീയേറ്റർ പാഠഭാഗ വായന | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |
| പാട്ടരങ്ങ് - വിവിധ ഈണങ്ങൾ കണ്ടെത്തി താളം കൊടുത്ത പാടുക | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |
| കാവ്യകേളി - പാട്ടുകൾക്ക് വിവിധ ഈണവും അളവും കണ്ടെത്തി വിവിധ ഉപകരണങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുക. | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |
| കാവ്യോത്സവം - താളവൈവിധ്യമുള്ള പാട്ടുകൾ , കവിതകൾ, വാദ്യോപകരണങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുക | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |
| കാവ്യാവിഷ്ക്കാരം - താളം, ഭാവം, ആശയം എന്നിവ ഉൾപ്പെടുത്തി ആശയരൂപീകരണം നടത്തി കവിതയെ കാവ്യാവിഷ്കാര രൂപത്തിൽ അവതരിപ്പിക്കുക. | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |
| സർഗാത്മക ഡയറി - വ്യത്യസ്തമായ അനുഭവങ്ങൾ ഉൾപ്പെടുത്തി ഡയറി എഴുതി പൂർത്തിയാക്കുക | ജൂൺ-മാർച്ച് | എൽ.പി. ക്ലാസ് ഭാഷാധ്യാപകർ |

യു.പി.വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | സാമ്പത്തികം |
|---|---|---|---|
| മാതൃഭാഷ നിലവാരം ഉയർത്തൽ | കഥ പൂർത്തിയാക്കൽ കഥ ഗതി മാറ്റിയെഴുതൽ | ജൂൺ - ജൂലായ് | യു.പി.ക്ലാസ് ഭാഷാധ്യാപകർ |
| | പത്രവായന, പത്ര വാർത്ത തയ്യാറാക്കൽ, പത്രത്തലക്കെട്ട്, കൊളാഷ് നിർമ്മാണം (വിഷയം നൽകി) പത്രം തയ്യാറാക്കൽ | ആഗസ്ത് - സെപ്തംബർ | |
| | കടങ്കഥാ നിർമ്മാണം കടങ്കഥാ പതിപ്പ് | ഒക്ടോബർ | |
| | കവിതാസ്വാദനം വിവിധ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റൽ | നവംബർ | |
| | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | |
| | വിശകലനക്കുറിപ്പ് തയ്യാറാക്കൽ | ഡിസംബർ | |
| പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പു വരുത്തുക. | പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ വായിച്ച് പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ -മാർച്ച് | |

**I STD**

| | | | |
|---|---|---|---|
| Identify the particulars objects | Picture cards, name cards, name of pictures | June | Teacher |
| Identify the columns | Colour chart, objects with particular colours | June | Teacher & PTA |
| Make simple sentences | Asking questions related to an object | June | Teacher & PTA |
| Reading | Reading cards with familiar objects picture | July – continuing | Teacher & PTA |

**Subject: English**

**Current Status of the learners**

Unable to write meaningful sentences – lack of describing words in the vocabulary.

**Expected goal :**

Enabling all the learners to write meaning full sentences using describing words.

| Aim | Activities | Time | Responsibility |
|---|---|---|---|
| Preparing an English library in class room | • Giving the students opportunity to read simple stories and articles.<br>• Providing opportunity to narrate the story in their own words.<br>• Writing down the main characters of the story and what they think about them.<br>• Making a flow chart of the given story. | October | English Teacher |
| Describe objects and personal using appropriate vocabulary | • Conducting pre-test and assessing their strength and weakness.<br>• Micro level planning resulting in effective remedial measures to overcome the shortage. | November | |
| Portray the ideas conveyed in a picture through appropriate words and construction | **Further activities :**<br>• Showing simple pictures with familiar objects.<br>• Asking questions regarding the names of objects. Writes them down.<br>• Asking a number of questions related to the position of the objects in the picture encourages answer in full sentence. Writes down sentences. | | |

| | | | |
|---|---|---|---|
| | • Questions related to the activities done by the objects or persons are asked. Teacher encourages the students to say answers in full sentences. Thus maximum number of sentences . Thus maximum numbers of sentences are evolved<br>• More pictures are shown, progressing from simple to theme oriented ones.<br>**<u>Organize field trip</u>**<br>• Taking the learners outside the school to in still a different learning experience.<br>• As spot is selected which inspires the senses.<br>• Learners observe the various aspects of naute .<br>• Write down the names of the thingds they see around them.<br>• Connects one object with another.<br>• Space is given to express the personal feelings.<br>• Emphasis is given to write in the first person format.<br>• Encouraging creative writing like short stories, poems and articles in English. | | English Teachers , PTA |
| Preparing a magazine in English | • Relasing the magazine | December | |
| English test | • For the development and enhancement of language , creativity rythem, vocabulary of students | August | English Teachers , PTA |

വിഷയം : ഗണിതം

**അവസ്ഥാവിശകലനം**

പ്രീടെസ്റ്റ് നടത്തി സങ്കലന വ്യവകലന ക്രിയകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി.

**പ്രതീക്ഷിത നേട്ടങ്ങൾ**

ക്ലാസിൽ മുഴുവൻ കുട്ടികൾക്കും സങ്കലന വസ്തുത ഉറപ്പിക്കൽ

മുഴുവൻ കുട്ടികൾക്കും തെറ്റ് കൂടാതെ സങ്കലന വ്യവകലന ക്രിയകൾ ചെയ്യാനുള്ള കഴിവ് നേടിക്കൊടുക്കൽ.

ഗണിതം മധുരമാക്കാൻ വ്യത്യസ്ത പ്രവർത്തനങ്ങൾ അടങ്ങിയ ശില്പ ശാലകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | സാമ്പത്തികം |
|---|---|---|---|
| സങ്കലന വസ്തുത/ക്രിയ ഉറപ്പിക്കൽ | സങ്കലന പട്ടിക ക്ലാസ്സിൽ പ്രദർശിപ്പിക്കൽ, ഓരോ സങ്കലന പട്ടിക നൽകൽ, സങ്കലനപട്ടിക ഉപയോഗിച്ച് ഗണിത കളികൾ പാറ്റേണുകൾ, സംഖ്യാമാലകൾ, മനഃക്കണക്ക്, പസിലുകൾ, കലണ്ടർ കണക്ക്, കളിപ്പെട്ടി, സങ്കലനപട്ടിക ക്ലാസ്സിൽ പ്രദർശിപ്പിക്കൽ, ഗണിതകളികൾ | ജൂൺ ആഗസ്ത് | യു.പി.ക്ലാസ് ഭാഷാധ്യാപകർ |
| വ്യവകലന ക്രിയ ഉറപ്പിക്കൽ, മനഃക്കണക്ക്, പസിലുകൾ, കളിപ്പെട്ടി | കുറയ്ക്കാം മറയ്ക്കാം - ഗണിത വിജയം അഞ്ചെണ്ണമായാൽ - ഗണിത വിജയം സംഖ്യാ പാറ്റേണുകൾ, സംഖ്യാമാലകൾ | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ |
| ഗണിതശിൽപ ശാലകൾ | ഗണിതം മധുരമാക്കൽ ആവശ്യമായപ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച ഗണിത ശില്പശാല | ഒക്ടോബർ | അധ്യാപകർ |
| ഗണിതപഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പു വരുത്തുന്നു. | യു.പി.ക്ലാസുകളിൽ എല്ലാ മാസവും ക്ലാസ് പി.ടി.എ നടത്തി.കുട്ടികളുടെപ്രയാസങ്ങൾ ചർച്ച ചെയ്യുന്നു. Remedial Class സംഘടിപ്പിക്കുന്നു. എൽ.പി.ക്ലാസുകളിൽ, ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവയുടെ തുടർ പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരി | അധ്യാപകർ |

വിഷയം : അടിസ്ഥാനശാസ്ത്രം

## പ്രതീക്ഷിത നേട്ടങ്ങൾ

എല്ലാ കുട്ടികളിലും ശാസ്ത്രാവബോധം വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം |
|---|---|---|
| കുട്ടി ശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കാനായി ശാസ്ത്ര ശില്പശാലകൾ നടത്തുക. | ശാസ്ത്രശിൽപശാലകൾ നടത്തി കുട്ടികളിൽ ശാസ്ത്രകൗതുകം വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക. | സെപ്തംബർ മുതൽ ഡിസംബർ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, മുളകൾ, ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | ജൂൺ- മാർച്ച് |
| | വ്യത്യസ്ത ആവാസവ്യവസ്ഥകൾ പരിചയപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സന്ദർശനങ്ങൾ | ജൂൺ- ഡിസംബർ |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടൽ | വിവിധ ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നു. | അക്കാദമിക വർഷം |

വിഷയം : സാമൂഹ്യശാസ്ത്രം

## അവസ്ഥാവിശകലനം

പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവിലുള്ള സാമൂഹ്യചിന്ത, സാമൂഹ്യബോധം, വിശകലനശേഷി, എൻക്വയറി സ്കിൽ തുടങ്ങിയവ എത്രത്തോളം ഉണ്ടെന്ന് കണ്ടെത്തുന്നു.

| ലക്ഷ്യം | കാലയളവ് |
|---|---|
| ദിനാചരണ പ്രവർത്തനങ്ങൾ സാമൂഹ്യശാസ്ത്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്നു. | അക്കാദമിക വർഷം മുഴുവൻ |
| പഠനത്തിനാവശ്യമായ പഠനോപകരണ നിർമ്മാണം (സോഷ്യൽ ക്ലബ്ബ്) | ആഗസ്ത്, സെപ്റ്റംബർ |
| ക്ലാസ് ലൈബ്രറികൾ ഒരുക്കുന്നു | ഒക്ടോബർ |
| പുരാവസ്തുക്കളുടെ പ്രദർശനം ഒരുക്കുന്നു | നവംബർ |
| ഉച്ചഭക്ഷണത്തിൽ മാസത്തിൽ ചിക്കൻ കറി ഉൾപ്പെടുത്തുന്നു. നാടൻ ഉൽപ്പന്നങ്ങളുടെ ഭക്ഷ്യമേള | അക്കാദമിക വർഷം മുഴുവൻ |